മാരാമൺ കൺവൻഷൻ 2025

# മാരാമൺ സന്ദേശം

പ്രതിദിന വാർത്താ പത്രിക

Published by: Malabar Mar Thoma Syrian Christian Evangelistic Association

2025 ഫെബ്രുവരി 10 തിങ്കൾ

# നാം നിലനിൽക്കേണ്ടത് തിരുവചനത്തിനായി :

## റൈറ്റ് റവ. മാത്യൂസ് മാർ സെറാഫീം എപ്പിസ്കോപ്പാ



*130–ാം മത് മാരാമൺ കൺവൻഷന്റെ രണ്ടാം ദിവസത്തെ പ്രഭാത യോഗത്തിൽ മാത്യൂസ് മാർ സെറാഫീം എപ്പിസ്കോപ്പാ മുഖ്യ സന്ദേശം നൽകുന്നു*

മുറിവേറ്റ ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. അവിടെ സൗഖ്യത്തിന്റെ ലേപനമാണ് ഓരോ വചന കേൾവിയും. വാക്കുകൾകൊും ശാരീരികമായും മുറിവേൽക്കാറു്. വാക്കുകൾ മുറിപ്പെടുത്തിയേക്കാം. എന്നാൽ വചനം മുറിവുകെട്ടുന്നതാണ്. എന്റർടെയ്ൻമെന്റുകൾ താൽക്കാലിക സുഖം നൽകുമ്പോൾ നിലനിൽക്കുന്ന സന്തോഷത്തിന്റെ ഫല അനുഭവങ്ങളാണ് തിരുവചനം നൽകുന്നത്. അതിനു കർത്താവുമായുള്ള സഹിത്വം ആവശ്യമാണ്. അതു ജീവിതംകൊു സാധിക്കണം. ദൈവത്തോടും ദുഷ്ടശക്തികളോടും ഒരു പോലെ കൂട്ടായ്മ ആചരിപ്പാൻ കഴിയുകയില്ല. നശ്വരമായതിനു വേിയല്ല നാം നിൽക്കേത്. നിലനിൽക്കുന്ന തിരുവചനത്തിനു വേിയും, അതിന്റെ ഫലമനുഭവിക്കുന്നതിനാവണം ഓരോ വചനകേൾവിയും. ക്രിസ്തു ജീവന്റെ ആനന്ദമായിത്തീരുമ്പോൾ വചന കേൾവിയും നമുക്ക് ആനന്ദം നൽകും.

മരണ സന്ദർഭങ്ങളിൽ നാം പറയാറു് ഒരു വ്യക്തി താൻ പ്രിയം വെച്ച കർത്താവിനോടു ചേർന്നുവെന്ന്. എന്നാൽ ജീവനോടെയിരിക്കുമ്പോൾ അവനോടു പ്രിയം വെയ്ക്കുവാൻ കഴിഞ്ഞോ എന്നത് ഒരു ചോദ്യമാണ്. ജീവിതം വട്ടപൂജ്യമായിത്തീർന്നുപോയ ഒരു സ്ത്രീയുടെ കദനകഥയാണ് നാം ധ്യാനിക്കുന്ന ഭാഗം. വിധവയായിരിക്കുന്ന സ്ത്രീയുടെ ഏകമകനും മരണമടയുമ്പോൾ അവർക്ക് ജീവന്റെ സമൃദ്ധിയും കരുതലിന്റെ കരവും നീട്ടുന്ന ക്രിസ്തുവിനെയാണ് ഇവിടെ കാണുന്നത്. മരണം എന്ന നിസ്സഹായ അവസ്ഥയ്ക്കു മുന്നിൽ വെറുതെ നോക്കിനിൽക്കാനെ മനുഷ്യർക്ക് കഴിയൂ. ജീവന്റെ സമൃദ്ധി ലഭ്യമായി തീരുകയാണ് ഇവിടെ ക്രിസ്തുവിൽ. ഇവിടെ ഈ സ്ത്രീയുടെ വേദനയിൽ ചിലർ മാത്രമേ പങ്കുചേരുന്നുള്ളു. അതിൽ ക്രിസ്തുവുമുായിരുന്നു. ജീവന്റെ സുവിശേഷമായി കടന്നുവന്നവൻ ജീവൻ നൽകി ആ സ്ത്രീയുടെ മകനെ മരണത്തിൽ നിന്നുയർപ്പിക്കുന്നു. അതിലൂടെ അവളുടെ ജീവിതം തന്നെ ക്രിസ്തു തിരിച്ചു നൽകുന്നു. മരണത്തിനും ജീവനും വേദപുസ്തകാടിസ്ഥാനത്തിൽ ആഴമായ അർത്ഥങ്ങളു്.

സജീവമായ ബന്ധത്തിൽ നിന്നുള്ള വേർപിരിയലാണ് മരണം. ദൈവവുമായും മറ്റുള്ളവരുമായും ബന്ധങ്ങളുടെ സജീവത നഷ്ടപ്പെടുമ്പോഴാണ് ജീവനോടിരിക്കുന്നവർ പോലും മൃതരെപ്പോലെയായിത്തീരുന്നത്. ബന്ധങ്ങൾ നഷ്ടപ്പെടുത്തിയുള്ള യാത്ര മരണത്തിലേക്കാണ് എന്ന് ഓർക്കുക. ജീവന്റെ സുവിശേഷമായിത്തീരുക. മരണ സംസ്കാരം വളരുമ്പോൾ സജീവത പകർന്നു നൽകാൻ നമുക്ക് കഴിയണം. നമ്മുടെ ശ്വാസോച്ഛ്വാസങ്ങൾ ജീവനിലേക്ക് നയിക്കുന്നതായിത്തീരണം. സാക്ഷ്യപേടകത്തിനരികിലിരിക്കുന്ന അഹരോന്റെ വടിതളിർത്തതായി നാം സംഖ്യാപുസ്തകത്തിൽ വായിക്കുന്നു. ദൈവത്തോടൊപ്പമായിരിക്കുമ്പോൾ നാം പച്ചപ്പുള്ളവരായി, ജീവനുള്ളവരായിത്തീരുന്നു. ഉള്ളിൽ നിന്നുള്ള ഉറവകൾ എന്ന പുസ്തകത്തിൽ സുധാമൂർത്തി ആർക്കെങ്കിലും എന്തെങ്കിലും നൽകാൻ ആഗ്രഹിക്കുന്നുങ്കെിൽ നീ മെച്ചമായത് നൽകണം എന്നു പറഞ്ഞ വല്യമ്മയെ ഓർത്തെടുക്കുന്നു്. മനസ്സിൽ ഒരല്പം പച്ചപ്പുതീർക്കുന്നവരായിത്തീരുവാൻ വിശ്വാസസമൂഹത്തിനു കഴിയണം. വാട്ടമുള്ളയിടങ്ങളെ ജലം പകർന്നു സജീവതയിലേക്ക് തിരികെ കൊുവരുവാൻ നമുക്ക് കഴിയണം. വിധവയോട് കരയേ എന്നും മരിച്ചവനോട് എഴുന്നേല്ക്ക എന്നും പറയുന്ന യേശുക്രിസ്തുവിന്റെ മനസ്സലിവിന്റെ വാക്കുകൾ ശ്രദ്ധേയമാണ്. യേശുവിന്റെ മനസ്സലിവും അനുകമ്പയും ജീവനിലേക്ക് നയിക്കുന്നതായിരുന്നു. കരുണാർദ്രമായ ക്രിസ്തുവിന്റെ മിഴികൾ നഗരത്തിലെ മറ്റു കാഴ്ചകളിലേക്ക് പോയില്ല. കരഞ്ഞു ക്ഷീണിച്ചു മൃതപ്രായയായ വിധവയിലേക്കും ജീവൻ നഷ്ടപ്പെട്ട ഇടത്തേക്കും വിലാപ ഭവനത്തിലേക്കും ആണ് ആ കണ്ണുകൾ നോക്കിയത്. തെറ്റു ചെയ്തവരോടുപോലും ആർദ്രതയുടെ മുഖമാണ് ക്രിസ്തു കാട്ടുന്നത്. അനുകമ്പയും ആർദ്രതയും വഴിഞ്ഞ് ഒഴുകുന്ന മുഖമാണ് ഓരോ മനുഷ്യരും ആഗ്രഹിക്കുന്നത്.

മനുഷ്യൻ ഇന്നു ക്രൂരനായിത്തീർന്നുകൊിരിക്കുകയാണ്. യേശുവിന്റെ കണ്ണുകളിൽ ആർദ്രതയുടെ വെളിച്ചം കവർ ക്രിസ്തുവിൽ ശാന്തതയും ആശ്വാസവും കത്തെുന്നു. മറ്റുള്ളവർക്ക് പ്രത്യാശ നൽകുന്നവരായിത്തീരുമ്പോൾ സഭ ഒരു പ്രത്യാശ സമൂഹമായി മാറും. പ്രത്യാശയില്ലെന്നു ലോകം പറയുന്നിടത്ത് ക്രിസ്തു പ്രത്യാശയുടെ കിരണങ്ങൾ ചൊരിയുന്നു. പ്രത്യാശയില്ലാത്തയിടങ്ങൾ നിരാശയിലേക്ക് കൂപ്പുകുത്തും.

ജീവിതത്തിന്റെ തുടർച്ചകൾ വിലാപത്തിന്റേതാകുമെന്നു ചിന്തിച്ച സ്ത്രീക്ക് ഉല്ലാസത്തിന്റെ ഘോഷമാക്കിത്തീർക്കുന്ന ക്രിസ്തു തകർന്ന ഹൃദയങ്ങളെ നേടുവാൻ ദൈവജനമായ നമ്മെയും ക്ഷണിക്കുന്നു. ക്രിസ്തീയ വിശ്വാസത്തിന്റെ കാലാതീത പ്രഖ്യാപനമാണ് നമ്മുടെ നിഖ്യവിശ്വാസപ്രമാണം. ആ വിശ്വാസത്തിന്റെ അനുഭവങ്ങളിൽ ജീവിക്കുവാൻ നമുക്ക് കഴിയണം. മറ്റു കർത്തൃത്വങ്ങളുടെ നടുവിൽ യേശു കർത്താവ് എന്നു പറയുവാൻ നമുക്ക് കഴിയണം. വിശ്വാസ പ്രതിസന്ധികളുടെ നടുവിൽ നമ്മുടെ വിശ്വാസങ്ങൾ ഏറ്റു പറയുവാൻ സാധിക്കണം. പ്രതിസന്ധികളുടെയും കോടതി വ്യവഹാരങ്ങളുടെയും നടുവിൽ കോടതി മുറികളിൽ നമ്മുടെ വിശ്വാസം ഏറ്റുപറയുകയും സഭയെ പുനർനിർവ്വചിക്കുകയും സമർപ്പിക്കുകയും ചെയ്ത പാരമ്പര്യം മാർത്തോമ്മാ സഭയ്ക്കു്. നല്ല ദൈവാനുഭവങ്ങൾ തലമുറകൾക്ക് പങ്കുവെയ്ക്കുവാൻ സഭയ്ക്ക് കഴിയണം. വിശ്വാസത്തിന്റെ പ്രതിസന്ധികളിലും പരിശോധനകളിലും ദൈവം കൂടെയുന്നെ വിശ്വാസം നമ്മിലും നമ്മുടെ തലമുറകളിലും ജനിപ്പിക്കുവാൻ കഴിയണം. നമ്മുടെ വിശ്വാസം ജീവിതത്തിന്റെ പ്രതിസന്ധികളിൽ നമ്മെ ശക്തിപ്പെടുത്തുന്നതാണ്.

മൃതനായിരുന്നവനെ ഏഴുന്നേല്പ്പിച്ച് അമ്മയ്ക്ക് ഏല്പിച്ചു കൊടുത്തു എന്നാണ് നാം വായിക്കുന്നത്. പ്രത്യാശയിൽ വീെടുക്കുന്ന ക്രിസ്തുവിനെയാണ് നാം അവിടെ തിരിച്ചറിയുന്നത്. നാം ആയിരിക്കുന്ന ലോകത്തെ, മരണകരമായ അനുഭവങ്ങളിൽ നിന്നും ജീവന്റെ സംസ്കാരത്തിലേക്ക് വീടെുക്കുക എന്നതാണ് നമ്മുടെ ഉത്തരവാദിത്തം. മുറിവുാക്കുന്ന ലോകത്തിൽ മുറിവു കെട്ടുന്നവരായിത്തീരാം. ജീവന്റെ സമൃദ്ധിയിലേക്കും സൗഖ്യത്തിലേക്കും ഏവരെയും കൈപിടിച്ചു നടത്താം. നമ്മുടെ മിഴികളും ക്രിസ്തുവിനെ പോലെ കരുണയുടെയും അനുകമ്പയുടെയും മിഴികളായിത്തീരട്ടെ.

# ദൈവരാജ്യവും ഈ ലോകത്തിന്റെ പരിവർത്തനവും

**ബൈബിൾ സ്റ്റഡി**
**റവ. ഡോ. ജെറി പിളൈള**

ഈ ലോകത്തിലെ ദൈവത്തിന്റെ സാന്നിദ്ധ്യം, അധികാരം എന്നിവയെക്കുറിച്ചുള്ള ആലോചനകളാണ് ദൈവരാജ്യം എന്ന സംജ്ഞ നൽകുന്നത്. പഴയനിയമ പ്രവചനങ്ങളുടെ നിവൃത്തി എന്ന നിലയിലാണ് വി. മത്തായി ദൈവരാജ്യത്തെ അവതരിപ്പിക്കുന്നത്. മ്ശിഹാ രഹസ്യത്തിന്റെ അനാവരണം എന്ന നിലയിലാണ് മർക്കോസ് സുവിശേഷകൻ ദൈവരാജ്യത്തെ അടയാളപ്പെടുത്തുന്നത്. ചരിത്രത്തിൽ ജീവിച്ച ക്രിസ്തു എന്ന തരത്തിലാണ് ലൂക്കോസ് എവൻഗേലിസ്ഥൻ ദൈവരാജ്യത്തെ അവതരിപ്പിക്കുന്നത്. ആത്മീയതയുമായി ബന്ധപ്പെടുത്തിയാണ് വി. യോഹന്നാൻ ദൈവരാജ്യത്തെ അവതരിപ്പിക്കുന്നത്.

സഭാ ഐക്യ പ്രസ്ഥാനങ്ങളും ആഗോള ക്രൈസ്തവ സഭയും ലോക സഭാ കൗൺസിലും ഒക്കെ ദൈവരാജ്യ ബന്ധിതമായി അതിന്റെ പ്രവർത്തനങ്ങളെ കാഴ്ചവെയ്ക്കുവാൻ ശ്രമിക്കുന്നു. സഭയും ലോകവും തമ്മിലുള്ള ബന്ധത്തിൽ സഭ കൂദാശയാണ് എന്നു നാം മനസ്സിലാക്കണം. ഒരു വ്യക്തിയുടെ ആളത്ത രൂപീകരണത്തിന്റെയും പരിവർത്തനത്തിന്റെയും തലത്തിലാണ് നാം ദൈവരാജ്യ ബോധങ്ങളെ മനസ്സിലാക്കേ ത്. ദൈവരാജ്യത്തിനെപ്പറ്റിയുള്ള ദൈവത്തിന്റെ താല്പര്യങ്ങൾ തിരുവെഴുത്തുകളിൽ ധാരാളം കാണാം. ബാങ്കോക്കിലെ ലോക കൗൺസിലിൽ യേശുക്രിസ്തുവിന്റെ പ്രവർത്തന മാനദണ്ഡം ദൈവരാജ്യമായിരുന്നതിനാൽ നാം അതു പിന്തുടരണം എന്ന ചർച്ചകൾ ഉ ായിട്ടു ്.

ദൈവരാജ്യത്തെ എങ്ങനെയാണ് തിരുവചനം അവതരിപ്പിച്ചിരിക്കുന്നത് എന്നു പരിശോധിക്കാം. അതിനാധാരമായി ലൂക്കോസ് 17: 20–21 വരെയുള്ള വാക്യങ്ങൾ നമുക്ക് ശ്രദ്ധിക്കാം. യേശു നിരന്തരം സംസാരിച്ചിരുന്ന ദൈവരാജ്യം എന്നുള്ള ആശയം ശിഷ്യന്മാർക്ക് പോലും വ്യക്തമായിരുന്നില്ല. ദൈവരാജ്യം നമ്മുടെ ഇടയിൽത്തന്നെയെന്നാണ്.

**1. ദൈവരാജ്യം ആത്മീകമായ ഒന്നാണ്; എന്നാൽ അത് ആത്മീകം മാത്രമല്ല**

ചില ക്രിസ്തീയ വിശ്വാസികൾ ആത്മീകതയുടെ തലത്തിലാണ് ദൈവരാജ്യത്തെ മനസ്സിലാക്കുന്നത്. സമൂഹത്തിന്റെ പരിവർത്തന ശ്രമങ്ങളിൽ നിന്നവർ അകലം പാലിക്കുന്നു. ആത്മീകതയിൽ അവർ മുഴുകിയിരിക്കുന്നു. വിദൂര ഭാവിയിലാണ് കർത്താവിന്റെ വരവ് സംഭവിക്കുന്നതെന്ന തിരിച്ചറിവും, ക്രിസ്തുവിന്റെ അധികാരം ആത്മീക അധികാരമാണെന്നും കരുതുന്നു. യോഹന്നാൻ 18:30 എന്റെ രാജ്യം ഐഹികമല്ല എന്ന പൊരുൾ ദൈവരാജ്യം ആത്മീകം മാത്രമാണെന്ന തെറ്റിദ്ധാരണകൾ പലരും സൃഷ്ടിക്കാറു ്. ക്രിസ്തീയ വിശ്വാസിയെന്ന നിലയിൽ ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുകയും സമാധാന ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നുവെങ്കിലും സാമൂഹിക പരിവർത്തനം എന്ന ഉത്തരവാദിത്തങ്ങളിൽ നിന്നകലം പാലിക്കുന്ന പലരെയും നാം കാണുന്നു ്.

ദൈവരാജ്യം ആത്മീയ തലത്തിൽ പരിമിതപ്പെടുത്തേ തല്ലായെന്നു



*റവ.പ്രൊഫ.ഡോ.ജെറി പിളൈള ബൈബിൾ ക്ലാസ്സിന് നേതൃത്വം നൽകുന്നു, പരിഭാഷകൻ റവ.മാത്യൂസ് സ്കറിയ സമീപം*

കാസ്ട്രോ എന്ന ചിന്തകൻ പറയുന്നു. മനുഷ്യജീവിതത്തെ സ്വാധീനിക്കുകയും നൊമ്പരപ്പെടുത്തുന്ന എല്ലാത്തിനെയും തുരത്തുകയും ചെയ്യുന്ന രക്ഷാസങ്കല്പമാണ് ദൈവരാജ്യം പങ്കുവെയ്ക്കുന്നത്. പ്രപഞ്ചത്തെയും മനുഷ്യചരിത്രത്തെയും ചേർത്തു വായിക്കുന്ന ഒന്നാണ് ദൈവരാജ്യം. വിമോചന ദൈവശാസ്ത്രജ്ഞനായ സൊബ്രീനോ മനുഷ്യന്റെ എല്ലാ അനുഭവങ്ങളെയും ചേർത്തുനിർത്തുന്ന ഒന്നാണ് ദൈവരാജ്യമെന്ന് പറയുന്നു. അതുകൊ് ആത്മീകതയിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. ഭൗതികവും ആത്മീകവുമായ തലത്തെ ഉൾചേർത്തു നിർത്തുന്നതാണ് ദൈവരാജ്യം.

**2. ദൈവരാജ്യം ഒരു പ്രത്യേക ഭൂപ്രദേശമല്ല; പുതിയ ക്രമമാണ്**

1 കൊരിന്ത്യർ 15:24

മനുഷ്യവർഗ്ഗത്തെ അടിമത്തത്തിലാക്കുന്ന എല്ലാ അധികാരങ്ങളിൽ നിന്നുള്ള വിടുതൽ എന്ന തലത്തിൽ വി. പൗലോസ് അപ്പോസ്തലൻ ദൈവരാജ്യത്തെ അവതരിപ്പിക്കുന്നു. ജീവിതത്തെ അടിമപ്പെടുത്തുന്ന പാപം, ന്യായപ്രമാണം, മായയും ദ്രവത്വവും ദുഷ്ടതയുടെ കാലഘട്ടം, ദരിദ്രമായ പ്രമാണങ്ങൾ, ദുഷ്ടതയുടെ ശക്തികൾ എന്നിവയ്ക്കെതിരേയുള്ള അനുഭവമാണ് ദൈവരാജ്യം. ദൈവത്തിന്റെ ആത്മാവ് നിയന്ത്രിക്കുന്ന ജീവിത മണ്ഡലമാണത്. നീതിയും സമാധാനവും നിരന്തരം അനുഭവിക്കുന്ന ഇടമാണത്. ദൈവീക നൽവരങ്ങളെ ഏവരും ഒരു പോലെയനുഭവിക്കുന്ന മ്ശിഹായുടെ വലിയ വിരുന്നനുഭവമാണത്. ദൈവം എല്ലാമെല്ലാമാകുന്ന തലമാണത്. പുതിയ ജീവിതവും പുതിയ ജീവിത ശൈലിയും ജീവിത ക്രമവുമാണ് അത്. ലോകത്തെയും അതിലുള്ള സകലതിനെയും ഉൾക്കൊള്ളുന്ന ദർശനമാണതിനുള്ളത്. ലിയോനോർഡോ മോഫ് എന്ന ചിന്തകൻ പറയുന്നു യേശുക്രിസ്തു ഉദ്ഘാടനം ചെയ്ത ദൈവരാജ്യം നമ്മുടെ ഇടയിലു ്. അത് ഒരു പുതിയ ക്രമവും സംവിധാനവുമാണ്. സകലരേയും ഉൾക്കൊള്ളുന്ന ദർശനമാണ് ദൈവരാജ്യം എന്നു അഭിപ്രായപ്പെടുന്നു ്. നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവുമായ ദൈവരാജ്യത്തിനു 2 മാനങ്ങളു ്.

നമ്മുടെ രൂപാന്തരം – യേശുക്രിസ്തുവുമായുള്ള ബന്ധത്തിൽ പുതിയ ജീവിതം രൂപാന്തരപ്പെടുത്തുന്നതാണ്. ക്രിസ്തു സന്നിഹിതമായ ഇടങ്ങളിൽ നാം സാന്നിദ്ധ്യമറിയിക്കുക എന്നതാണ്.

ചൂഷണങ്ങളിൽ നിന്നും യുദ്ധങ്ങളിൽ നിന്നും പലായനങ്ങളിൽ നിന്നും സാമ്പത്തിക അസമത്വങ്ങളിൽ നിന്നും ലോകത്തെ പരിവർത്തനം ചെയ്യുക എന്നതാണ് രാമത്തെ മാനം

എല്ലാ സൃഷ്ടിയെയും ശാശ്വതമായ സമാധാനത്തിലേക്കു നയിക്കാനുള്ള നിയോഗമാണ് ദൈവരാജ്യം. നമ്മെ അസ്വസ്ഥപ്പെടുത്തുന്ന അധികാര ഇടങ്ങളോടുള്ള കലഹവും സത്വം വിളിച്ചുപറയലുമാണ് ദൈവരാജ്യം. ഈ ദൈവരാജ്യ സംസ്ഥാപനത്തിനായി ദൈവം നമ്മെയും ക്ഷണിക്കുന്നു. നമ്മുടെ പങ്കാളിത്തം ആഗ്രഹിക്കുന്നു. കർത്തൃപ്രാർത്ഥനയിൽ ദൈവരാജ്യ സംസ്ഥാപനത്തിൽ ഞങ്ങളേയും പങ്കുകാരാക്കേണമേ എന്നാണ് യഥാർത്ഥത്തിൽ നാം പ്രാർത്ഥിക്കുന്നത്. ദൈവീകമാണ് ഒരു പുതിയ വ്യതിരിക്ത ജീവിത ക്രമത്തിലേക്കും ജീവിത ശൈലിയിലൂടെ ആ അനുഭവം തീർക്കുവാൻ കഴിയണം.

**3. ദൈവരാജ്യം നമ്മുടെ ഇടയിൽത്തന്നെ**

അത് ഒരു വർത്തമാനമായ യാഥാർത്ഥ്യമാണ്. മത്തായി 28:18 മുതലുള്ള വാക്യങ്ങളിലും സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സകല അധികാരവും ക്രിസ്തുവിനു നൽകപ്പെട്ടിരിക്കുന്നു എന്നു പറയുന്നു. ഭാവിയിൽ സംഭവിക്കേ ഒന്നല്ല ദൈവരാജ്യം. ഈ അധികാരപാത്രങ്ങളായി അനേകരെ ശിഷ്യരാക്കുന്ന നിയോഗങ്ങളിലാണ് ദൈവരാജ്യം സാദ്ധ്യമായിത്തീരുന്നത്.

അന്ധർക്ക് കാഴ്ചയും മുടന്തർക്ക് കുതിപ്പും മരിച്ചവർക്ക് ഉയിർപ്പും ദരിദ്രന്മാരോട് സുവിശേഷം പ്രഖ്യാപിക്കലും നിർവ്വഹിക്കപ്പെടുന്നു എന്നു ക്രിസ്തു യോഹന്നാന്റെ ശിഷ്യന്മാർ വരുവാനുള്ളവൻ നീ തന്നെയോ എന്നു ചോദിക്കുമ്പോൾ പറയുന്ന മറുപടി ദൈവരാജ്യം നമ്മുടെ ഇടയിൽ തന്നെയാണ് എന്നതിന്റെ നിദർശനമാണ്.

പാപഘടനകളും അധികാരഘടനകളും ദൈവരാജ്യം ഒരു അനുഭവം എന്ന നിലയിൽ ആസ്വദിക്കുവാൻ നമ്മെ അനുവദിക്കുന്നില്ല.

4. ദൈവരാജ്യം വരാനുള്ളതാണ്

ക്രിസ്തുവിലൂടെ ദൈവരാജ്യം നമ്മുടെ ഇടയിൽ വന്നു ചേർന്നിട്ടു ്. എന്നാൽ അത് പൂർണ്ണമായിട്ടില്ല. അതുകൊാണ് ആദിമ ക്രൈസ്തവ സഭ ദൈവരാജ്യത്തിനായും ക്രിസ്തുവിന്റെ രാം വരവിനുമായി ജാഗ്രതയോടെ കാത്തിരുന്നത്. ദൈവരാജ്യം താൻ തന്നെയായിരിക്കുകയും അതിന്റെ ശക്തിയിൽ ക്രിസ്തു പ്രവർത്തിക്കുകയും ചെയ്തു.

ദൈവരാജ്യത്തിന്റെ ആസന്നമായ വരവിനെ സൂചിപ്പിക്കുന്നതാണ് ദൈവരാജ്യത്തെക്കുറിച്ചുള്ള ഉപമകളെല്ലാം. ലോകത്തിൽ നാം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ദൈവരാജ്യത്തെയാണ് നാം ലോകത്തിൽ സന്നിവേശിപ്പിക്കുന്നത്. കാലഘട്ടത്തിന്റെ കഷ്ടതകൾ യാഥാർത്ഥ്യമാണെങ്കിലും അത് എന്നും അങ്ങനെയായിരിക്കില്ല എന്ന പ്രത്യാശയുടെ പൊരുളായി ദൈവരാജ്യം മാറുന്നു. വർത്തമാനകാല വെല്ലുവിളികൾക്കെതിരെയുള്ള പ്രതികരണമാണ് നമ്മുടെ വിശ്വാസം. വ്യക്തിപരമായ രക്ഷ മാത്രമല്ല ക്രിസ്തീയ പ്രത്യാശയുടെ ഉള്ളടക്കം. ലോകത്തിന്റെ വീടെടുപ്പിലെ പങ്കുചേരലാണ് അത്. ദൈവരാജ്യം നമ്മുടെ സഭയോട് എന്താണ് ആവശ്യപ്പെടുന്നത്?

ഈ ലോകത്തിൽ ക്രിസ്തുവിന്റെ സമ്പൂർണ്ണ അധികാരം പ്രഖ്യാപിക്കാൻ അതു നമ്മോട് ആവശ്യപ്പെടുന്നു. ക്രിസ്തുവിന്റെ അധികാരവും കർതൃത്വവും വാഴ്ചയും ലോകത്തിൽ പ്രഖ്യാപിക്കാൻ ദൈവരാജ്യം സഭയോടാവശ്യപ്പെടുന്നു. എല്ലാ ലോക അധികാരങ്ങളും ക്രിസ്തുവിന്റെ അധികാരത്തിൻ കീഴിലാണെന്നു നാം തിരിച്ചറിയണം. ദൈവരാജ്യത്തിന്റെ അനുഭവങ്ങൾ ഭരണകൂടത്തോട് വിളിച്ചു പറയാൻ സഭയ്ക്ക് ഉത്തരവാദിത്തമു ്. അതുകൊു തന്നെ ദൈവത്തിന്റെ സത്യം പ്രഖ്യാപിക്കാൻ നമുക്ക് ഉത്തരവാദിത്തമു ്. അസമത്വത്തിനും ചൂഷണത്തിനും നീതി നിഷേധത്തിനും വംശീയതയ്ക്കും വേർതിരിവുകൾക്കും എതിരെ നിൽക്കുവാൻ പ്രവാചക ദൗത്യമായി സഭ ഈ അധികാരത്തെക് പ്രവർത്തിക്കണം. തകർന്നും നുറുങ്ങിയുമിരിക്കുന്ന വ്രണിതമായിരിക്കുന്ന ലോകത്തോട് ഇടപെടുവാൻ സഭയ്ക്ക് കഴിയേ തു ്.

ദൈവരാജ്യത്തിന്റെ സേവകരായിരിപ്പാനും ദൈവം നമ്മെ വിളിച്ചിരിക്കുന്നു. ദൈവഹിതം പ്രാവർത്തികമാക്കുന്നതിനാണ് ദൈവം നമ്മെ ലോകത്തിലാക്കിയിരിക്കുന്നത്. നീതിയും സമാധാനവും സമത്വവും എല്ലാവർക്കും അനുഭവവേദ്യമാക്കുന്നതിനാണ് ദൈവം നമ്മെ ലോകത്തിലാക്കിയിരിക്കുന്നത്.

ദൈവരാജ്യത്തിന്റെ അടയാളപ്പെടുത്തലായി ദൈവം നമ്മെ വിളിച്ചിരിക്കുന്നു. സഭ എന്നത് ദൈവരാജ്യമല്ല. ദൈവരാജ്യത്തിലേക്കുള്ള ചൂു പലകയാണ്. നിരാശ ബോധത്തിന്റെയും ദുഃഖത്തിന്റെയും ലോകത്തിൽ പ്രത്യാശയുടെ പ്രകാശ ഗോപുരമായിത്തീരാനാണ് സഭയെ ക്രിസ്തു വിളിക്കുന്നത്. നമ്മുടെ ഇടയിലുള്ള ദൈവരാജ്യത്തിന്റെ സാന്നിദ്ധ്യമായി നിൽക്കാൻ സഭയ്ക്ക് കഴിയണം.

ദൈവരാജ്യം ആത്മീകമായി ഒതുക്കി നിർത്തേ തല്ല. ഒരു പ്രത്യേക ഭൂപ്രദേശത്ത് ഒതുക്കി നിർത്തേ തല്ല. നീതിയും സമാധാനവും സന്തോഷവും നിറയുന്ന ഒരു ലോകക്രമമാണത്. ക്രിസ്തുവിൽ അത് അനുഭവവേദ്യമായിത്തീർന്നതാണ്. എന്നാൽ അത് പൂർണ്ണമായ ഒന്നായിരുന്നില്ല. അതുകൊ് ദൈവരാജ്യം വരുവാനുള്ളതാണ്. ദൈവരാജ്യത്തിനായി പ്രാർത്ഥിക്കുന്നവരായി മാത്രം നാം മാറരുത്. ദൈവരാജ്യ സംസ്ഥാപനത്തിനുതകുന്നതാകണം നമ്മുടെ പ്രവർത്തനങ്ങൾ. ദൈവരാജ്യം നമ്മിലൂടെ സാദ്ധ്യമായിത്തീരണം. ഈ ലോകം ദൈവരാജ്യമാക്കിത്തീർക്കുവാനുള്ള ശ്രമങ്ങളാകട്ടെ നമ്മുടെ ഓരോ ചുവടുവയ്പ്പുകളും.

# സുവിശേഷ കേന്ദ്രീകൃതമായ ഭവനം പണിയുക

**ശ്രീമതി.റീന ജോൺ**

*(ഫാമിലി കൗൺസിലർ)*



*കുടുംബവേദി യോഗത്തിൽ റീനാ ജോൺ സന്ദേശം നൽകുന്നു. അദ്ധ്യക്ഷൻ സഖറിയാസ് മാർ അപ്രേം എപ്പിസ്കോപ്പാ സമീപം*

വഴിതെറ്റി പോകുന്ന മനുഷ്യനെ നേർവഴിയിൽ നയിക്കുന്ന രക്ഷയുടെ അനുഭവമാണ് സുവിശേഷം. ഭവനങ്ങളിലേക്ക് മടങ്ങി വരുവാൻ മറന്നവരെ വഴികാണിക്കുവാൻ വേണ്ട ചൂണ്ടുപലക ഇന്നിന്റെ ആവശ്യകതയാണ്. എങ്ങനെ ഒരു സുവിശേഷ കേന്ദ്രീകൃത ഭവനം പണിയാൻ നമുക്ക് സാധിക്കും? പഴിചാർത്തൽ ജീവിത അനുഭവങ്ങളാകുമ്പോൾ, വ്യത്യസ്ത സംസ്കാരം ഭവനങ്ങളിൽ പണിതുയർത്താൻ നമുക്ക് സാധിക്കണം. യോശുവായും കുടുംബത്തെയും പോലെ ഞാനും എന്റെ കുടുംബവും യഹോവയിലാശ്രയിക്കും എന്നു പറയുവാൻ നമുക്ക് സാധിക്കണം.

1. എങ്ങനെയാണ് സുവിശേഷ കേന്ദ്രീകൃത ഭവനം പണിയപ്പെടുന്നത്.

ദൈവഹിതം അനുസരിക്കുന്ന ഒരു ഭവനമായി മാറണം. മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല, എന്ന് കണ്ട് ദൈവം ഒരു കുടുംബത്തെ നൽകി. ഉൽപ്പത്തി 2:24 വാക്യം സൂചിപ്പിക്കുന്നതുപോലെ മനുഷ്യന് ഏറ്റവും പ്രാധാന്യമർഹിക്കുന്ന മാതാപിതാക്കളോടുള്ള പരിഗണന മാറുന്നു. മാതാപിതാക്കൾ, സുഹൃത്തുക്കൾ, വേണ്ട എന്നല്ല, കുടുംബബന്ധങ്ങളിൽ പരസ്പരം പരിഗണിക്കുന്നവരായി മാറുവാൻ നമുക്ക് സാധിക്കണം. ഗൗനിക്കാതെയും ബഹുമാനിക്കാതെയുമുള്ള കുടുംബബന്ധങ്ങളിൽ കുഞ്ഞുങ്ങൾക്ക് പരിഗണന ലഭിക്കാതെ പോകുന്നു. ഏകാന്തത അനുഭവിക്കുന്ന കുഞ്ഞുങ്ങൾ, എല്ലാ സൗകര്യത്തിലും ഭവനങ്ങളിലായിരുന്നിട്ടും ഏകാന്തത അനുഭവിക്കുന്നു. നമ്മുടെ കുടുംബബന്ധങ്ങളെ പരിശോധിച്ച്, ദൈവിക താൽപര്യം നിവർത്തിക്കാം.

2. പ്രതിസന്ധികളെ അതിജീവിക്കുവാൻ ശ്രമിക്കുന്ന കുടുംബം.

ശാരീരിക, മാനസിക, സാമ്പത്തിക പ്രതിബന്ധങ്ങൾ വരുമ്പോൾ, ഒരുമിച്ച് ചേർത്ത് നിന്ന് നേരിടുവാൻ നാം തയ്യാറാണോ? വേദപുസ്തകത്തിൽ ലൂക്കോസ് 1: 6, ഓർപ്പിക്കുന്നതുപോലെ സെഖര്യാവ്, എലിസബേത്ത് ദമ്പതികൾ സകല കല്പനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവരും ആയിരുന്നു, അവർ പരസ്പരം പഴിചാരാതെ ഒരുമിച്ചു പ്രതിസന്ധി നേരിട്ട കുടുംബത്തിന് ഉദാഹരണമാണ്. പ്രതിസന്ധികളുടെ മദ്ധ്യത്തിൽ പലരും അതിജീവിക്കുന്നത് കുടുംബം നൽകുന്ന ബലത്തിലൂടെയാണ്.

3. കാര്യവിചാരകത്വം ജീവിത ശൈലിയായി സ്വീകരിക്കുന്ന കുടുംബം

ജീവിതത്തിലെ എല്ലാ അനുഭവങ്ങളും, വെല്ലുവിളികളും, നന്മകളും, പ്രതിസന്ധികളും, ദൈവദാനമാണെന്നുള്ള തിരിച്ചറിവോടെ നാം കണക്ക് ബോധിപ്പിക്കേണ്ടവരാണ്.

ആരോഗ്യം, ദൈവത്തിന്റെ ദാനം, ക്രമമല്ലാത്ത ജീവിതക്രമം കൊണ്ട് നാം ആരോഗ്യം നഷ്ടപ്പെടുത്തുന്ന കാഴ്ച. കുട്ടികളുടെ ആരോഗ്യത്തെ ബാധിക്കുന്നു. സമയത്ത് ഉറക്കം, ഭക്ഷണം, വ്യായാമം കാര്യവിചാരകത്വമായി മാറണം. സമയം സമ്പാദിക്കാൻ സാധിക്കുകയില്ലാത്തതിനാൽ കുടുംബത്തോടൊപ്പമുള്ള സമയം എങ്ങനെ ചെലവഴിക്കുന്നു എന്നുള്ളത് പ്രാധാന്യം അർഹിക്കുന്നു.

കടബാധ്യത അമിതമായി വരുമ്പോൾ നിരാശയിലേക്ക് താണുപോകുന്ന അനുഭവങ്ങൾ ഇന്നിന്റെ കാഴ്ചയാണ്. വിഭവങ്ങൾ ദൈവം നൽകുന്ന ദാനമാണെന്നുള്ള ബോധത്തോടെ ചെലവഴിക്കുവാൻ സാധിക്കേണ്ടത് ഇന്നിന്റെ ആവശ്യമാണ്. ഒരംശം ചെലവഴിക്കുവാനും ഒരംശം ആവശ്യത്തിലുള്ളവർക്കും പങ്കുവെയ്ക്കുന്നതിലൂടെ ജീവിത വിഭവങ്ങൾ നിലനിർത്തുവാൻ നമുക്ക് സാദ്ധ്യമായിത്തീരുന്നു.

4. പ്രമാണങ്ങൾക്കും നിലപാടുകൾക്കും വേണ്ടി നിലനിൽക്കുവാൻ പ്രേരിപ്പിക്കുന്ന ഇടം.

സന്തോഷിപ്പിക്കുന്നത് ചെയ്യാൻ പ്രേരിപ്പിക്കുന്ന, സൗകര്യം പോലെ ജീവിക്കുവാൻ പ്രേരണ നൽകുന്ന ഇന്നത്തെ സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും ഇടയിൽ ക്രിസ്തീയ കുടുംബങ്ങൾക്ക് നിലപാടുകൾ എടുക്കുവാൻ സാധിക്കണം. 1 കൊരിന്ത്യർ 10:23 സകലത്തിനും സ്വാതന്ത്ര്യമുണ്ടെങ്കിലും എല്ലാ പ്രയോജനവും ആത്മീക വർദ്ധനവും വരുത്തുന്നതല്ലായെന്ന തിരിച്ചറിവ് കുഞ്ഞുങ്ങൾക്ക് കൊടുക്കുവാൻ സാധിക്കണം. മറ്റുള്ളവരെ ചതിച്ചുള്ള ലാഭം വേണ്ട എന്ന നിലപാട് സ്വീകരിച്ച മാതൃകകൾ നമുക്ക് മുന്നിലുണ്ട്. നമ്മുടെ ഭവനങ്ങൾ അപ്രകാരമുള്ള മാതൃകകളെ സൃഷ്ടിക്കുന്ന ഇടങ്ങളായി മാറേണ്ടതുണ്ട്. ഒരു തലമുറയുടെ വിട്ടുവീഴ്ച മറ്റൊരു തലമുറയുടെ അടിമത്തത്തിലേക്ക് നയിക്കും. ലഹരിയുമായി നാം നടത്തുന്ന വിട്ടുവീഴ്ചകൾ പല തലമുറയുടെയും അടിമത്വത്തിന് കാരണമായിട്ടുണ്ട്.

5. ഓർമ്മകളുടെ സംഗ്രഹാലയം സൃഷ്ടിക്കപ്പെടുന്ന ഭവനം.

ധൂർത്ത് പുത്രൻ ദൂരദേശത്ത് പോയി എല്ലാം നശിപ്പിച്ച ശേഷം സുബോധം ലഭിക്കുമ്പോൾ പിതാവിനോടൊപ്പമുള്ള നല്ല ഓർമ്മകൾ അവനെ തിരിച്ച് ഭവനത്തിലേക്ക് വരുത്തുന്നത് നമുക്ക് കാണാം. കുടുംബങ്ങൾക്ക് നല്ല ഓർമ്മകൾ പങ്കിടുവാൻ സാധിക്കുന്നുണ്ടോയെന്നത് ഒരു ചോദ്യമാണ്. നല്ല ഓർമ്മകൾ പങ്കിടുന്നവരും ജീവിതത്തിൽ ഒന്നും നന്മയായി ഭവിച്ചില്ല എന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്. കുട്ടികൾ വളർന്ന് മറ്റ് സ്ഥലങ്ങളിലേക്ക് പോകുമ്പോൾ, വീടുകളിലെ നല്ല ഓർമ്മകളാണ് അവർക്ക് മാനസികാരോഗ്യത്തിന് കാരണമായിത്തീരുന്നത്. ആയതിനാൽ സുരക്ഷിതമായ ഭവനത്തിൽ നല്ല ഓർമ്മകൾ സൃഷ്ടിക്കാം. നമ്മുടെ പ്രിയപ്പെട്ടവർ ഒപ്പമുള്ളപ്പോൾ മാത്രമാണ് നല്ല ഓർമ്മകൾ സൃഷ്ടിക്കുവാൻ സാധിക്കുന്നത് ആയതിനാൽ എല്ലാ ജീവിത അനുഭവങ്ങളിൽ നല്ല ഓർമ്മകൾ സൃഷ്ടിച്ച് ശാന്തമായ ശൈലികൾ ശീലമാക്കിയ കുടുംബങ്ങളാവണം ക്രിസ്തീയ കുടുംബം, അതിൽ വളർന്നു വരുന്നതാവണം നമ്മുടെ തലമുറ.

6. വിശ്വാസ ജീവിത ശൈലിയുടെ പൈതൃകം നൽകുന്ന കുടുംബം.

78–ാം സങ്കീർത്തനത്തിൽ ആസാഫ് തലമുറകളെ ദൈവീക അനുഭവത്തിലേക്ക് വഴി നടത്തേണ്ട ആവശ്യകത വിവരിക്കുന്നുണ്ട്. ക്രിസ്തുവിലുള്ള നിസ്തുലത എന്ത് എന്ന് നാം നമ്മുടെ തലമുറയെ പഠിപ്പിക്കണം. പ്രാർത്ഥനാ ജീവിതം, ദൈവവചനപഠനം, എന്നിവയ്ക്ക് ഊന്നൽ നൽകി വിശ്വാസത്തിൽ കുഞ്ഞുങ്ങളെ ഉറപ്പിക്കേണ്ടത് മാതാപിതാക്കളുടെ കടമയാണ്. എന്താണ് ക്രിസ്തുവിലുള്ള രക്ഷായെന്ന് പ്രാർത്ഥനയിലൂടെ നമ്മുടെ തലമുറയോട് പങ്കിടുവാൻ സാധിക്കണം. തലമുറയുടെ ആത്മീക പരിപോഷണം മാതാപിതാക്കളുടെ ഉത്തരവാദിത്തം ആണ്. 3 യോഹന്നാൻ നാലാം വാക്യത്തിൽ പറയുന്നതുപോലെ എന്റെ മക്കൾ സത്യത്തിൽ നടക്കുന്നതുപോലെ യേശുക്രിസ്തു എന്ന സത്യമാർഗ്ഗത്തിൽ നടത്തുവാനുള്ള താൽപര്യം കുഞ്ഞുങ്ങളിൽ ജനിപ്പിക്കണം. പിതാക്കന്മാരുടെ സ്വപ്നമാവണം തലമുറകളെ ദേവാലയത്തോട് ചേർത്ത് നിർത്തണമെന്നുള്ളത്, പിതാക്കന്മാരുടെ സ്വപ്നം വിശ്വാസജീവിതത്തിൽ സാധിപ്പിക്കണമെന്നുള്ളതാകണം തലമുറകളുടെ ലക്ഷ്യം.

*തയ്യാറാക്കിയത്*

*അമൽ ജോൺ ജേക്കബ്,*
*സാജൻ വർഗീസ് സൈമൺ,*
*സജുൽ കെ രാജ്, ഷിജു ഷാജി*

**മാരാമണ്ണിൽ ഇന്ന്**
**(11.02.2025 ചൊവ്വ)**

രാവിലെ 07.30 – കുട്ടികളുടെ യോഗം
ബൈബിൾ ക്ലാസ്സ്
അദ്ധ്യക്ഷൻ :
**ഡോ.എബ്രഹാം മാർ പൗലോസ്**
ബൈബിൾ ക്ലാസ്സ്
**റവ.പ്രൊഫ.ഡോ.ജെറി പിള്ളൈ**
പ്രഭാത യോഗം രാവിലെ 09.30 മുതൽ
അദ്ധ്യക്ഷൻ
**ഡോ.ഗ്രിഗോറിയോസ് മാർ സ്തേഫാനോസ്**
മുഖ്യ സന്ദേശം :
**ഡോ.രാജ്കുമാർ രാമചന്ദ്രൻ**
ഉച്ചയ്ക്ക് 02.30 മുതൽ കുടുംബവേദി
അദ്ധ്യക്ഷൻ
**ഡോ.തോമസ് മാർ തീത്തോസ്**
മുഖ്യ സന്ദേശം
**ഡോ.സിജിയ ബിനു**
സായാഹ്ന യോഗം – വൈകുന്നേരം 06.00
അദ്ധ്യക്ഷൻ
**സഖറിയാസ് മാർ അപ്രേം**
മുഖ്യ സന്ദേശം
**ഡോ.മാത്യൂസ് മാർ മക്കാറിയോസ്**

**മാരാമൺ കൺവൻഷൻ പാട്ടുപുസ്തകങ്ങൾ**



മലയാളം 20 രൂപ ഇംഗ്ലീഷ് ട്രാൻസ്ലിറ്ററേറ്റഡ് 30 രൂപയ്ക്ക് മണൽപ്പുറത്ത് ലഭ്യമാണ്.
കൺവൻഷൻ പാട്ടുകളുടെ സി.ഡി 100 രൂപയ്ക്ക് യുവജനസഖ്യം സ്റ്റാളുകളിൽ ലഭ്യമാണ്.
കൺവൻഷൻ പാട്ടുകളുടെ പെൻഡ്രൈവ് 400 രൂപയ്ക്ക് യുവജനസഖ്യം സ്റ്റാളുകളിൽ ലഭ്യമാണ്

# നാമോ ക്രിസ്തുവിന്റെ മനസ്സുള്ളവരാകുന്നു – ഡോ. ജോസഫ് മാർ ഈവാനിയോസ്



*മാരാമൺ കൺവൻഷന്റെ പ്രഥമ സായാഹന യോഗത്തിൽ ഡോ.ജോസഫ് മാർ ഈവാനിയോസ് വചന സന്ദേശം നൽകുന്നു*

**ദൈവത്തിന്റെ മനസ്സുമായി ലോകത്തിൽ സഞ്ചരിക്കുന്നവർ**

അമ്മയുടെ ഉദരം മുതൽ നാം ഒരു യാത്രയിലാണ്. ഈ യാത്രയിൽ നമ്മുടെ മനസ്സ് ആരുടേതായിരിക്കണം. ക്രിസ്ത്യാനി എന്ന മുഖംമൂടി അണിഞ്ഞാൽ നാം ക്രിസ്ത്യാനികളാകുകയില്ല. പ്രകടനാത്മകത കൊണ്ട് സാക്ഷികളാകുവാനും കഴിയുകയില്ല. ഉള്ളിലെ ചൈതന്യമാണ് പ്രധാനം. മനസ്സ് ക്രിസ്തുവിന്റേതായി മുന്നോട്ട് പോകുമ്പോൾ ജീവിതത്തിനും അതിന്റെ ക്രമങ്ങൾക്കും മാറ്റമുണ്ടാകുമെന്ന് കൊരിന്ത്യയിലെ സഭയെ പൗലോസ് ഓർമ്മിപ്പിക്കുന്നു. അയൽക്കാരനെ നിന്നെപ്പോലെ സ്നേഹിക്കുന്നതും ആവശ്യത്തിലിരിക്കുന്നവനെ അയൽപക്കമായി കാണുന്നതുമായ മൂല്യക്രമമാണ് ആ മാറ്റം സാദ്ധ്യമാക്കുന്നത്. കൊരിന്ത്യയിലെ സഭ നേരിടുന്ന പ്രശ്നങ്ങൾക്ക് ക്രിസ്തുവിന്റെ മനസ്സുള്ളവരായിത്തീരുക എന്നതാണ് പൗലോസ് നൽകുന്ന പരിഹാരം. ഭിന്നത, വിശ്വസ്തതയില്ലായ്മ, സഭയ്ക്കുള്ളിലെ പ്രതിസന്ധികൾ പുറത്തുവിടുന്നത്, അധാർമ്മിക ജീവിതശൈലി, ഇതര മതസ്ഥരെ വേറിട്ടു കാണൽ, ക്രിസ്തുവിന്റെ ശരീരരക്തങ്ങളെയും അതിന്റെ സത്തകളെയും ഗ്രഹിക്കാതെ തുച്ഛീകരിക്കുന്നത് എന്നിവയാണ് കൊരിന്ത്യയിലെ സഭ നേരിടുന്ന പ്രശ്നങ്ങൾ. ക്രിസ്തുവിന്റെ മനസ്സിനെ തന്റെ പ്രാണനെപ്പോലെ കാണേണ്ടവനാണ് ക്രിസ്തു ശിഷ്യൻ എന്ന് ഈ പ്രശ്നങ്ങളുടെ നടുവിൽ പൗലോസ് വിളിച്ചു പറയുന്നു.

മണൽക്കൂനയിലും മണൽക്കാറ്റിലും മരിചികയിലും പെട്ടുപോയാൽ ജീവിതം നശിക്കും. എന്നാൽ ആ മരുഭൂമിയിൽ പൊടിക്കുരുവികളും കള്ളിമുൾ ചെടികളും കഴുകനും പാർക്കുന്നു. മഞ്ഞ് കണികകളെ കുടിച്ച് പൊടിക്കുരുവികളും മഴയെ ഉള്ളിൽ വഹിച്ച് കള്ളിമുൾ ചെടികളും കഴുകനും മരുഭൂമിയെ തരണം ചെയ്യുവാൻ സ്വയം സന്നദ്ധമാകുന്നു (മരുഭൂമികൾ ഉണ്ടാകുന്നത് – ആനന്ദ്). വിശ്വാസ രൂപീകരണത്തിന്റെ ഇടങ്ങളാണ് മരുഭൂമികളെന്ന് വേദപുസ്തകം സാക്ഷിക്കുന്നു.

യവനായ ചിന്ത അനുസരിച്ച് ബുദ്ധി മണ്ഡലവും ഹൃദയ മണ്ഡലവും ആത്മാവും ചേരുന്നതാണ് മനസ്സ്. അങ്ങനെയെങ്കിൽ ജീവിതത്തിന്റെ സമസ്ത മേഖലകളും ക്രിസ്തു ചൈതന്യത്തിന്റെ അനുഭവമായിത്തീരണം. ക്രിസ്തുവിന്റെ ആത്മാവുള്ളവരായി സഭയ്ക്കുള്ളിലും പുറത്തും ജീവിക്കുവാൻ കഴിയണം. ദൈവത്തിന്റെ മനസ്സും നമ്മുടെ മനസ്സും തമ്മിലുള്ള ചാക്രികത നഷ്ടപ്പെടുന്ന ഇടങ്ങളിൽ മരുഭൂവത്കരണം ഉണ്ടാകും. മനസ്സ് മരുഭൂമിയാകാതെ ഇരിക്കുവാനുള്ള മാർഗ്ഗങ്ങൾ പൗലോസ് കൊരിന്ത്യ സഭയോട് പങ്കുവെയ്ക്കുന്നു.

പ്രാകൃത മനുഷ്യർ, ജഢിക മനുഷ്യർ, ആത്മീക മനുഷ്യർ എന്നിവരെ കൊരിന്ത്യ സഭയിൽ കാണാം. സ്നേഹത്തിന്റെയും സത്യത്തിന്റെയും വഴിയിൽ പ്രാകൃത മനുഷ്യരെ യഥാസ്ഥാനപ്പെടുത്തുവാൻ കഴിയണം. നമ്മുടെ ഇടയിലും ക്രിസ്തുവിന്റെ മനസ്സ് സ്ഥാപിതമാക്കുവാൻ പ്രാകൃത മനുഷ്യരെ തിരിച്ചറിഞ്ഞ് അവർക്കും സ്നേഹത്തിന്റെയും സത്യത്തിന്റെയും വഴി പറഞ്ഞു കൊടുക്കണം. ഇന്ത്യൻ തത്വചിന്തകനായ ആചാര്യൻ ശ്രീ ശങ്കരൻ മനുഷ്യ ഗുണങ്ങളെയും മനസ്സിനെയും ഇത്തരത്തിലാണ് നിർവചിക്കുന്നത്. തമഗുണമുള്ളവൻ പ്രാകൃത മനുഷ്യനാണ്. രചഗുണമുള്ളവൻ അഹംഭാവമുള്ളവനാണ്. അവർക്ക് ദൈവത്തെ കാണുവാൻ കഴിയില്ല. ദൈവത്തെ കാണാൻ കഴിയാത്തവന് മനുഷ്യനെയും കാണുവാൻ കഴിയില്ല. സത്വഗുണം ഉള്ളവർ ഉള്ളിന്റെ ഉള്ളിൽ ദൈവമുള്ളവരാണ്. ദൈവത്തെ വിട്ട് യാതൊന്നും ചെയ്യുവാൻ അവർക്ക് കഴിയുകയില്ല. ക്രിസ്തുവിന്റെ മനസ്സുള്ളവരും അങ്ങനെയുള്ളവരാണ്.

പക്ഷക്കാർ ഉള്ളവർ കൊരിന്ത്യ സഭയിൽ ധാരാളമുണ്ട്. എന്നാൽ ദൈവത്തിന്റെ മനസ്സുള്ളവരില്ല. പക്ഷക്കാരെ അല്ല ക്രിസ്തുവിന്റെ മനസ്സുള്ളവരെയാണ് ക്രിസ്തു അന്വേഷിക്കുന്നത്. യന്ത്രങ്ങൾ നമ്മുടെ ശരീര വിന്യാസങ്ങളെയും ഹൃദയമിടിപ്പുകളെയും നിയന്ത്രിക്കുമ്പോൾ കൊരിന്ത്യ സഭയുടേതിലുമധികം നമ്മുടെ ഇടയിലുമുണ്ടാകും. ക്രിസ്തുവിന്റെ മനസ്സ് അവിടെ നഷ്ടപ്പെടും. ബന്ധങ്ങളിൽ ദൈവസ്നേഹം കാണുന്നില്ലായെന്നും സത്യത്തിന്റെ അഭാവം കൊരിന്ത്യ സഭയിൽ ഉണ്ടെന്നും പൗലോസ് പറയുന്നു. നമ്മുടെ വളർച്ചയ്ക്ക് ഒരാൾ തടസ്സമാകുമ്പോൾ നിഗ്രഹിക്കുവാനുള്ള ശ്രമങ്ങൾ അവിടെയുണ്ടാകും. സഹോദരനെ നിസ്സാരാ എന്ന് വിളിക്കുന്ന അനുഭവങ്ങൾ നമ്മുടെ ഇടയിൽ കടന്നുകൂടിയിട്ടുണ്ടോയെന്ന് പരിശോധിക്കണം. കർത്താവിന്റെ രക്തത്തിന്റെയും ശരീരത്തിന്റെയും അനുഭവങ്ങൾ പേറുന്ന കർത്തൃമേശയിൽ സാധാരണക്കാരെ കൊരിന്ത്യ സഭ പരിഗണിക്കുന്നില്ല. പാലസ്തീനിലെ തൊഴിലാളികൾക്കിടയിലെ പ്രാഗത്ഭ്യം അനുസരിച്ചുള്ള വിഭജനങ്ങൾ അത് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ആ വിഭജനത്തിനും പുറത്താണ് അംഗഹീനരും, കുരുടരും ജീവിത വ്യഥ പേറുന്നവരുമൊക്കെ. വർത്തമാനകാലത്തും ഇതൊരു യാഥാർത്ഥ്യമാണ്. കർത്തൃമേശയിൽ യാതൊന്നിന്റെയും പേരിലുള്ള വിഭജനയുക്തികൾ പാടില്ലായെന്ന് പൗലോസ് ഓർപ്പിക്കുന്നു. അതിന് പുറമൂടികൾ വലിച്ചെറിഞ്ഞ് ക്രിസ്തുവിന്റെ മനസ്സുള്ളവരായിത്തീരണം. ക്രിസ്തുവിന്റെ മനസ്സ് സ്ഥാപിക്കുവാൻ, ഹൃദയത്തിൽ ഒരു ബലിപീഢം തീർക്കുവാൻ നമുക്ക് കഴിയണം. ധനികന്റെ വളർച്ച മാത്രം ലാക്കാക്കി പ്രവർത്തിക്കുന്നവർക്ക് പുറന്തള്ളപ്പെട്ടവരുടെ ആവശ്യങ്ങൾ വിഷയമേയല്ല. പ്രഗത്ഭരുടെ ഇടയിൽ പരിഗണന ലഭിക്കാതെ പോകുന്നവരെ പരിഗണിക്കുന്നവനാണ് ക്രിസ്തു. അതുകൊണ്ട് കൊരിന്ത്യ സഭയുടെ വേർതിരിവിന്റെ യുക്തികൾ ഉപേക്ഷിച്ച് എല്ലാവരെയും ഉൾക്കൊള്ളുവാൻ പൗലോസ് ആഹ്വാനം ചെയ്യുന്നു. ആരാധനയോടുള്ള ബന്ധത്തിലും സമസൃഷ്ടങ്ങളോടുള്ള ബന്ധത്തിലും ക്രിസ്തുവിന്റെ മനസ്സ് കാത്തുസൂക്ഷിക്കുവാൻ നമുക്ക് സാധിക്കണം. ആരാധനയെ തുച്ഛീകരിക്കുന്ന ഭാവങ്ങൾ നമ്മിൽ നിന്നും നീക്കപ്പെടണം. എല്ലാവരെയും ഉൾക്കൊള്ളുന്ന ശൈലി ജീവിത പാഠമായിത്തീരണം. നാമോ ക്രിസ്തുവിന്റെ മനസ്സുള്ളവരായി തീരുന്നു എന്ന് നിരന്തരം നമുക്ക് ഓർക്കാം. ക്രിസ്തുവിന്റെ മനസ്സുള്ള ആത്മീക മനുഷ്യരായി നിത്യതയോളം നമുക്ക് പ്രയാണം ചെയ്യാം.



*മാരാമൺ കൺവൻഷനോടനുബന്ധിച്ചുള്ള താൽക്കാലിക ഓഫീസ് തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കൃഷ്ണകുമാർ ഉദ്ഘാടനം ചെയ്യുന്നു. മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘം ട്രഷറാർ ഡോ. എബി തോമസ് വാരിക്കാട്, പബ്ലിസിറ്റി കൺവീനർമാരായ തോമസ് കോശി, റ്റിജു എം. ജോർജ്ജ്, മാനേജിംഗ് കമ്മറ്റി അംഗം പി.പി. അച്ചൻകുഞ്ഞ്, ബ്ലോക്ക് പഞ്ചായത്തംഗം അനീഷ് കുന്നപ്പുഴ, കെ.എസ്.ആർ.ടി.സി. ജീവനക്കാർ എന്നിവർ സമീപം.*

**മീഡിയ & പബ്ലിസിറ്റി കൺവീനേഴ്സ്**



തോമസ് കോശി



റ്റിജു എം. ജോർജ്ജ്

**മാരാമൺ സന്ദേശം ചീഫ് എഡിറ്റർ**



റവ. ഈപ്പൻ ഏബ്രഹാം